# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1254 — 12.03.2015 ൽ മറുപടിയ്ക്ക്

### മാവേലി സ്റ്റോർ/ സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിലെ വില നിയന്ത്രണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) മാവേലി സ്റ്റോറുകളിലും, സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിലും ജനങ്ങൾക്കാവശ്യമായ നിത്യോപയോഗ സാധനങ്ങളും പലവ്യഞ്ജനങ്ങളും ആവശ്യത്തിനു ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) സപ്ലൈകോയുടെ എല്ലാ വിൽപ്പനശാലകളിലും അവശ്യ സാധനങ്ങൾ പ്രത്യേകിച്ച് സബ്സിഡി ഉൽപ്പന്നങ്ങൾ ആവശ്യത്തിന് ലഭ്യമാക്കുന്നതിനുള്ള സ്റ്റോക്ക് എല്ലാ ഡിപ്പോകളിലും സൂക്ഷിക്കാറുണ്ട്. ചില മാവേലി സ്റ്റോറുകളിലെ സ്ഥല പരിമിതി മൂലവും ചരക്ക് നീക്കത്തിൽ വരുന്ന ചില പ്രായോഗിക കാരണങ്ങൾ കൊണ്ടും അപൂർവ്വം ചില അവസരങ്ങളിൽ ചില അവശ്യ സാധനങ്ങളുടെ ദൗർലഭ്യം ഉണ്ടാകാറുണ്ട്. |
| (ബി) മാവേലി സ്റ്റോർ/ സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ എന്നിവ വഴി വിൽക്കുന്ന നിത്യോപയോഗ സാധനങ്ങളുടെ വിലയും ഓപ്പൺ മാർക്കറ്റിലെ ഇതേ സാധനങ്ങളുടെ വിലയും താരതമ്യം ചെയ്യുന്ന പട്ടിക ലഭ്യമാക്കാമോ; കേന്ദ്രീകൃതമായി ഇത് വാങ്ങുമ്പോൾ ഓരോ സാധനത്തിനും കിലോയ്ക്ക് എത്ര വില വീതമാണ് നൽകേണ്ടത് എന്ന് വ്യക്തമാക്കുമോ ; | (ബി) മാവേലി സ്റ്റോർ/ സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ എന്നിവ വഴി വിൽക്കുന്ന നിത്യോപയോഗ സാധനങ്ങളുടെ വിലയും ഓപ്പൺ മാർക്കറ്റിലെ ഇതേ സാധനങ്ങളുടെ വിലയും താരതമ്യം ചെയ്യുന്ന പട്ടികയും അനുബന്ധം 1 ആയി ചേർക്കുന്നു. സപ്ലൈകോ 2015 ഫെബ്രുവരി മാസം 56 ഡിപ്പോകളിലേയ്ക്കായി കേന്ദ്രീകൃത ടെൻഡറുകളിലൂടെ വാങ്ങിയ നിത്യോപയോഗ സാധനങ്ങളുടെ ശരാശരി വില അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) സബ്സിഡി ഇനത്തിൽ കഴിഞ്ഞ 1 വർഷം എത്ര കോടി രൂപയാണ് ഈ ഇനത്തിൽ ചെലവഴിച്ചത് ; എത്ര ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട് എന്നതു സംബന്ധിച്ച വിവരം ലഭ്യമായിട്ടുണ്ടോ ; എങ്കിൽ വെളിപ്പെടുത്താമോ ; | (സി) മാർക്കറ്റ് ഇടപെടൽ പ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തിക വർഷം ഇതുവരെ 70 കോടി രൂപ സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം 2015 ജനുവരി മാസം വരെ ഏകദേശം 43,000 ടൺ പയറുവർഗങ്ങൾ & സുഗന്ധവ്യഞ്ജനങ്ങൾ, 32,000 ടൺ പഞ്ചസാര, 83,000 ടൺ അരി, 31 ലക്ഷം ലിറ്റർ വെളിച്ചെണ്ണ എന്നിവ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കേരളത്തിലെ ജനസംഖ്യയുടെ ഏകദേശം 30 ശതമാനം ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. |

(ഡി) സാധാരണക്കാരായ ജനങ്ങൾക്ക് പ്രയോജനപ്പെടും വിധം പ്രസ്തുത പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇതിനായി എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

(ഡി) നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയിൽ ആവശ്യമായ അളവിൽ പൊതു വിപണിയിൽ എത്തിക്കുന്നതുമൂലം ഇവയുടെ പൊതുവിപണിയിലെ അനിയന്ത്രിതമായ വിലക്കയറ്റം തടയുവാൻ സഹായിച്ചിട്ടുണ്ട്. കൂടാതെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവയും കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. നിലവിൽ സപ്ലൈകോയുടെ വിൽപ്പനശാലകളില്ലാത്ത 50 പഞ്ചായത്തുകളിൽ കൂടി മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. സാധാരണക്കാരായ ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതിനായി ഈ പദ്ധതി വിപുലീകരിക്കുന്നതിന്റെ നടപടികളുടെ ഭാഗമായി പ്രതിമാസം 10 ലക്ഷത്തിലധികം വിൽപ്പനയുള്ള മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളാക്കി ഉയർത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. ഇങ്ങനെ നിലവിലുള്ള സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പദ്ധതി ഫലപ്രദമായും കാര്യക്ഷമമായും പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ വിധം നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ

| ക്രമ നമ്പർ | ഇനം | നിലവിലെ സബ്സിഡി വില (രൂപ ക്./ഗ്രാമിന്) | പൊതു വിപണി വില (as per Economics and Statistics Dept of 03-03-2015(per Kg) | സപ്ലൈകോ വിലയും പൊതുവിപണി വിലയും തമ്മിലുള്ള വ്യത്യാസം | വ്യത്യാസം ശതമാനത്തിൽ |
|---|---|---|---|---|---|
| 1 | ചെറുപയർ | 74.00 | 107.93 | 33.93 | 31.44% |
| 2 | ഉഴുന്ന് ബോൾ | 66.00 | 91.43 | 25.43 | 27.81% |
| 3 | കടല | 43.00 | 59.77 | 16.77 | 28.06% |
| 4 | വൻപയർ | 45.00 | 59.57 | 14.57 | 24.46% |
| 5 | തുവര പരിപ്പ് | 65.00 | 88.79 | 23.79 | 26.79% |
| 6 | മുളക് | 75.00 | 114.71 | 39.71 | 34.62% |
| 7 | മല്ലി | 112.00 | 135.57 | 23.57 | 17.39% |
| 8 | പഞ്ചസാര | 25.00 | 30.50 | 5.50 | 18.03% |
| 9 | ജയ അരി | 25.00 | 34.25 | 9.25 | 27.01% |
| 10 | കുറുവ അരി | 25.00 | 33.00 | 8.00 | 24.24% |
| 11 | മട്ട അരി | 25.00 | 32.96 | 7.96 | 24.15% |
| 12 | പച്ചരി | 23.00 | 29.60 | 6.60 | 22.30% |
| 13 | വെളിച്ചെണ്ണ | 130.00 | 164.86 | 34.86 | 21.15% |

അനുബന്ധം 2

| ക്രമ നാ. | ഇനം | ശരാശരി വില (ഫെബ്രുവരി 2015) (Kg.) (KVAT ഒഴികെ) |
|---|---|---|
| 1 | ചെറുപയർ | 87.63 |
| 2 | കടല | 39.63 |
| 3 | ഉഴുന്ന് | 69.60 |
| 4 | തുവര പരിപ്പ് | 78.48 |
| 5 | മുളക് | 88.96 |
| 6 | മല്ലി | 96.7 |
| 7 | പഞ്ചസാര | 27.84 |
| 8 | പച്ചരി | 21.52 |
| 9 | മട്ട അരി | 24.86 |
| 10 | ജയ അരി | 27.68 |
| 11 | കുറുവ അരി | 23.92 |
| 12 | വൻപയർ | 43.98 |
| 13 | ഉഴുന്ന് പരിപ്പ് | 65.34 |
| 14 | പീസ് പരിപ്പ് | 29.57 |
| 15 | ജീരകം | 150.75 |
| 16 | കടുക് | 43.48 |
| 17 | ഉലുവ | 77.49 |
| 18 | ബോധന അരി | 21.81 |
| 19 | ഉഴുന്ന് പരിപ്പ് (വാഷ്ഡ്) | 73.83 |
| 20 | തുവര പരിപ്പ് (ഫത്ക) | 86.66 |
| 21 | പിരിയൻ മുളക് | 86.88 |
| 22 | ഗ്രീൻ പീസ് | 33.02 |
| 23 | വെള്ളക്കടല | 48.67 |
| 24 | റാഗി | 20.82 |

സെക്ഷൻ ഓഫീസർ